"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് -ജില്ലാ പഞ്ചായത്തുകളിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകൾ വകുപ്പിന്റെ കേഡർ തസ്തികകളാക്കി നിയമനം നടത്തുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2069/2023/LSGD തീയതി,തിരുവനന്തപുരം, 21-10-2023

---

പരാമർശം:-

(1) സ.ഉ. (എം.എസ്) നം. 106/2020/തസ്വഭവ, തീയതി 17.07.2022.

(2) സ.ഉ (പി) നം. 75/2022/തസ്വഭവ, തീയതി 27.10.2022.

(3) പ്രിൻസിപ്പൽ ഡയറക്ടറുടെ 05.06.2023 ലെ LSGD/PD/13508/2023-A2 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത് ഓഫീസുകളിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിൽ നിലവിൽ നിയമനം നടത്തുന്നത് ഡെപ്യൂട്ടേഷൻ മുഖേനയാണ്. പ്രസ്തുത തസ്തികകൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കേഡർ തസ്തികകൾ ആക്കി നിയമനം നടത്തുന്നത് സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ പ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികകളിൽ 1:1 അനുപാതത്തിൽ യോഗ്യതയുള്ള ലോവർ ഡിവിഷൻ ടൈപ്പിസ്റ്റുമാരിൽ നിന്നും സ്ഥാനക്കയറ്റം മുഖേനയും, നേരിട്ടും നിയമനം നടത്തണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. വകുപ്പിൽ ഇപ്പോൾ ആസ്ഥാന ഓഫീസുകളിൽ മാത്രമാണ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകൾ ഉള്ളതെന്നും ജില്ലാ പഞ്ചായത്തുകളിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകൾ വകുപ്പിന്റെ കേഡർ സ്ട്രെങ്ങ്തിൽ ഉൾപ്പെടുത്തുന്ന പക്ഷം വളരെ വർഷങ്ങളായി ആസ്ഥാന ഓഫീസുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് സ്വന്തം ജില്ലകളിൽ ജോലി ചെയ്യാൻ അവസരം ലഭിക്കുകയും അതുവഴി അവരുടെ കാര്യക്ഷമത വർദ്ധിക്കുന്നതാണെന്നും ടി സാഹചര്യത്തിൽ 14 ജില്ലാ പഞ്ചായത്ത് ഓഫീസുകളിലെ 14 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകൾ വകുപ്പിന്റെ കേഡർ തസ്തികകളാക്കി മാറ്റണമെന്നും അതിൽ നിന്നും 7 എണ്ണത്തിൽ യോഗ്യതയുള്ള ലോവർ ഡിവിഷൻ ടൈപ്പിസ്റ്റുമാരിൽ നിന്നും സ്ഥാനക്കയറ്റം മുഖേനയും ബാക്കിയുള്ള 7 തസ്തികകളിൽ നേരിട്ടും നിയമനം നടത്തുന്നതിനും അനുമതി നൽകണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ ഏകീകരിക്കപ്പെട്ട പഞ്ചായത്ത്, ഗ്രാമവികസനം,

നഗരകാര്യം, നഗരഗ്രാമാസൂത്രണം, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ വിഭാഗങ്ങളിലാണ് നിലവിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളുള്ളത്. ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിഭാഗത്തിൽ തസ്തിക അനുവദിച്ചിട്ടില്ല. ആയതിനാൽ ജില്ലാ പഞ്ചായത്തുകളിലെ 14 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിൽ 7 എണ്ണം, ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിഭാഗം ഉൾപ്പെടെയുള്ള 6 വിഭാഗങ്ങൾക്കുമായി, അതത് വകുപ്പിലെ ടൈപ്പിസ്റ്റ് തസ്തികകളുടെ എണ്ണം, ഓരോ വിഭാഗത്തിനും നിലവിലുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകൾ എന്നിവയ്ക്ക് ആനുപാതികമായി, യോഗ്യരായ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റുമാരിൽ നിന്നും സ്ഥാനക്കയറ്റം മുഖേന നിയമനം നടത്തുന്നതിന് ചുവടെ പറയും പ്രകാരമുള്ള റേഷ്യോയിൽ വിഭജിച്ച് നൽകാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

| ക്രമനം. | വകുപ്പിന്റെ പേര് | നിലവിലുള്ള ടൈപ്പിസ്റ്റുമാരുടെ എണ്ണം | സ്ഥാനക്കയറ്റം വഴിയുള്ള നിയമനത്തിന് അനുവദിക്കാവുന്ന കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം |
|---|---|---|---|
| 1 | ഗ്രാമവികസനം | 208 | 02 |
| 2 | പഞ്ചായത്ത് | 115 | 01 |
| 3 | എൽ.ഐ.ഡി&ഇ.ഡബ്ല്യു | 145 | 02 |
| 4 | മുനിസിപ്പൽ കോമൺ സർവീസ് | 179 | 01 |
| 5 | എൽ.എസ്.ജി.ഡി പ്ലാനിംഗ് | 28 | 01 (ഏഴാമത്തെ തസ്തികയിൽ നിയമനത്തിന് ആദ്യ അവസരം ലഭിക്കുന്നതാണ്) |
| 6 | നഗരകാര്യം | 13 | 01 (എൽ.എസ്.ജി.ഡി പ്ലാനിംഗ് വിഭാഗത്തിന് ലഭിച്ച തസ്തികയിൽ ഒഴിവുവരുന്ന മുറയ്ക്ക് അവസരം ലഭിക്കുന്നതാണ്) |
| | **ആകെ** | **688** | **07** |

ഏഴാമത്തെ തസ്തിക റൊട്ടേഷൻ അടിസ്ഥാനത്തിൽ എൽ.എസ്.ജി.ഡി പ്ലാനിങ് വിഭാഗത്തിനും നഗരകാര്യ വിഭാഗത്തിനും മാറി മാറി നൽകാവുന്നതാണെന്നും ഒന്നാമത്തെ

അവസരം പ്ലാനിംഗ് വിഭാഗത്തിനും ടി തസ്തികയിൽ വിരമിക്കൽ/ സ്ഥാനക്കയറ്റം എന്നിങ്ങനെ വിവിധ കാരണങ്ങളാൽ ഒഴിവ് വരുന്ന മുറയ്ക്ക് നഗരകാര്യ വിഭാഗത്തിനും തുടർന്ന് പ്ലാനിംഗ് വിഭാഗത്തിനും എന്ന ക്രമത്തിൽ റൊട്ടേഷൻ അടിസ്ഥാനത്തിൽ ഏഴാമത്തെ ഒഴിവ് അനുവദിക്കാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ ഏകീകരിക്കപ്പെട്ട പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ വിഭാഗങ്ങളിലാണ് നിലവിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ പ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികകളിൽ 1:1 അനുപാതത്തിൽ യോഗ്യതയുള്ള ലോവർ ഡിവിഷൻ ടൈപ്പിസ്റ്റുമാരിൽ നിന്നും സ്ഥാനക്കയറ്റം മുഖേനയും, നേരിട്ടും നിയമനം നടത്തണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ ജില്ലാ പഞ്ചായത്തുകളിലെ 14 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിൽ നിലവിൽ നിയമനം നടത്തുന്നത് ഡെപ്യൂട്ടേഷൻ മുഖേനയാണ്. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് നിലവിൽ വന്ന സാഹചര്യത്തിൽ, പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശ അംഗീകരിച്ച്, 14 ജില്ലാ പഞ്ചായത്ത് ഓഫീസുകളിലെ 14 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകൾ വകുപ്പിന്റെ കേഡർ തസ്തികകളാക്കി മാറ്റി നിയമനം നല്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു. പ്രസ്തുത തസ്തികകളിൽ 7 എണ്ണത്തിൽ വകുപ്പിലെ യോഗ്യതയുള്ള ലോവർ ഡിവിഷൻ ടൈപ്പിസ്റ്റുമാരിൽ നിന്നും സ്ഥാനക്കയറ്റം മുഖേനയും ബാക്കിയുള്ള 7 തസ്തികകളിൽ നേരിട്ടും നിയമനം നടത്തേണ്ടതാണ്.

സ്ഥാനക്കയറ്റം മുഖേന നിയമനം നടത്തേണ്ട 7 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകൾ നിലവിലുണ്ടായിരുന്ന വകുപ്പുകൾക്ക് ചുവടെ പറയും പ്രകാരം വിഭജിച്ചു നൽകിക്കൊണ്ടും ഉത്തരവാകുന്നു.

| **ക്രമനം.** | **വകുപ്പിന്റെ പേര്** | **സ്ഥാനക്കയറ്റം വഴിയുള്ള നിയമനത്തിന് അനുവദിക്കാവുന്ന കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം** |
|---|---|---|
| 1 | ഗ്രാമവികസനം | 02 |
| 2 | പഞ്ചായത്ത് | 01 |
| 3 | എൽ.ഐ.ഡി&ഇ.ഡബ്ള്യു | 02 |
| 4 | മുനിസിപ്പൽ കോമൺ സർവീസ് | 01 |

| | | |
|---|---|---|
| 5 | എൽ.എസ്.ജി.ഡി പ്ലാനിംഗ് | 01 (ഏഴാമത്തെ തസ്തികയിൽ നിയമനത്തിന് ആദ്യ അവസരം ലഭിക്കുന്നതാണ്) |
| 6 | നഗരകാര്യം | 01 (എൽ.എസ്.ജി.ഡി പ്ലാനിംഗ് വിഭാഗത്തിന് ലഭിച്ച തസ്തികയിൽ ഒഴിവുവരുന്ന മുറയ്ക്ക് അവസരം ലഭിക്കുന്നതാണ്) |
| | **ആകെ** | **07** |

മേൽ പട്ടിക പ്രകാരം അനുവദിക്കുന്ന സ്ഥാനക്കയറ്റം മുഖേനയുള്ള നിയമനത്തിനുള്ള അർഹത ഏകീകൃത വകുപ്പിലെ വിശേഷാൽ ചട്ടങ്ങൾ നിലവിൽ വന്ന തീയതിയിൽ, എകീകരിക്കപ്പെട്ട വകുപ്പുകളിൽ ജോലി ചെയ്തിരുന്ന ലോവർ ഡിവിഷൻ ടൈപ്പിസ്റ്റുമാർക്കു മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. ഓരോ വിഭാഗത്തിലും അപ്രകാരമുള്ള അവസാനത്തെ ഉദ്യോഗസ്ഥ/ ഉദ്യോഗസ്ഥനും സ്ഥാനക്കയറ്റം ലഭിച്ച് കഴിയുന്ന മുറയ്ക്ക് എകീകൃത വകുപ്പിലെ വിശേഷാൽ ചട്ടങ്ങൾ നിലവിൽ വന്ന തീയതിക്ക് ശേഷം വകുപ്പിൽ ജോലിയിൽ പ്രവേശിച്ച ലോവർ ഡിവിഷൻ ടൈപ്പിസ്റ്റുമാരുടെ സംയോജിത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നും അർഹതയനുസരിച്ച് സ്ഥാനക്കയറ്റം നല്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA.R.S.
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്),കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള,തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-ERA2/222/2022-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Suja M
Date: 21-10-2023 10:49:33
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു.തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിയുടെ പി.എസ് ന്